**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – മുൻകാലങ്ങളിൽ വിവിധ പരിപാടികൾ നടപ്പാക്കുവാൻ ട്രഷറിയിൽ നിക്ഷേപിച്ചതിൽ ബാക്കിയുള്ള വിഹിതം ഇ.എം.എസ്. ഭവന പദ്ധതിക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ)നം.2392/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 21/07/2010

പരാമർശം: സ.ഉ.(എം.എസ്)നം.207/2009/തസ്വഭവ; തീയതി 07.11.2009

## ഉത്തരവ്

ഇ.എം.എസ്. ഭവന പദ്ധതിയുടെ നടത്തിപ്പിന് പരാമർശത്തിലെ ഉത്തരവ് മുഖേന പുറപ്പെടുവിച്ച മാർഗരേഖയുടെ ഖണ്ഡിക 13.1.(5) പ്രകാരം ബാങ്ക് നിക്ഷേപം ഭവന പദ്ധതിക്ക് വിനിയോഗിക്കുവാൻ അനുമതി നൽകിയിട്ടുള്ളതുപോലെ ഇ–സാക്ഷരത, ഇ–വിദ്യ മുതലായ പരിപാടികൾ നടപ്പാക്കുന്നതിന് മുൻകാലങ്ങളിൽ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളതിൽ ബാക്കിയുള്ള വിഹിതവും ഭവന പദ്ധതിക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. മുൻകാലങ്ങളിൽ വിവിധ പരിപാടികൾ നടപ്പാക്കുന്നതിന് ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളതിൽ ചെലവഴിക്കാൻ സാധ്യതയില്ലാത്ത ബാക്കി തുക ഇ.എം.എസ് ഭവന പദ്ധതിക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു. ഇപ്രകാരം തുക വിനിയോഗിക്കുന്നതിന് ഇ.എം.എസ് ഭവന പദ്ധതിയുടെ പരിഷ്കരിച്ച മാർഗരേഖയുടെ ഖണ്ഡിക 13.1 (5) ലെ നിബന്ധനകൾ പാലിക്കേണ്ടതാണ്. പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ ഉപപദ്ധതി വിഹിതങ്ങളിലെ ബാക്കി തുക യഥാക്രമം പട്ടികജാതി, പട്ടികവർഗ കുടുംബങ്ങൾക്ക് മാത്രമേ വിനിയോഗിക്കുന്നുള്ളൂവെന്ന് ഉറപ്പാക്കണം. അക്ഷയ പരിപാടിയെ സംബന്ധിച്ചിടത്തോളം ജില്ലയിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടറുടെ പേരിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ബാക്കിയുള്ള വിഹിതം എത്രയെന്ന് വിഭാഗം തിരിച്ച് കണക്കാക്കി ജില്ലാ കളക്ടറുടെ നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന തുക നൽകേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇപ്രകാരം ലഭ്യമാകുന്ന തുക ഭവന പദ്ധതി നടപ്പാക്കുവാൻ സഹകരണബാങ്കിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ നിക്ഷേപിച്ച് ഭവന പദ്ധതിക്കായി വിനിയോഗിക്കാവുന്നതാണ്.

മുൻ വർഷങ്ങളിൽ ചെലവ് ആയി രേഖപ്പെടുത്തിയ ബാങ്ക്/ട്രഷറി നിക്ഷേപത്തിലെ ബാക്കി തുക ഭവന പദ്ധതിക്കായി ലഭ്യമാക്കുന്ന സന്ദർഭത്തിൽ താഴെപ്പറയുന്നത് പ്രകാരം വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഏത് ഹെഡിൽ (Head of account) നിന്നാണോ തുക പിൻവലിച്ച് ബാങ്കിൽ/ട്രഷറിയിൽ നിക്ഷേപിച്ചത് ആ ചെലവ് ഹെഡിന് കീഴിൽ '911 ഡിഡക്ട് റിക്കവറീസ്' എന്ന മൈനർ ഹെഡിൽ ഇപ്രകാരം ഭവന പദ്ധതിക്ക് ലഭ്യമാകുന്ന തുക വരവ് ഭാഗത്തും ഭവന പദ്ധതിക്കുള്ള ധനസഹായമായി ചെലവ് ഭാഗത്തും രേഖപ്പെടുത്തണം.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
8 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
9 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
12 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13 ഡയറക്ടർ, ട്രഷറി വകുപ്പ്
14 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
16 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
17 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
18 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
20 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
21 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
22 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
23 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
24 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
25 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
26 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
27 അക്ഷയ പരിപാടിയുടെ എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർക്കും
28 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
31 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
32 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
33 ധനകാര്യവകുപ്പ് (13627/ഡെവ.3/10/ധന)
32 ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (6627/എ2/10/പ്ലാനിംഗ്)
34 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. സഹകരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്